# വൈദ്യുതി ബോർഡിന് ഒരു കായകല്പ ചികിത്സ

**ടി.വി. അച്ചുതവാര്യർ**

കേരളത്തിലെ വൈദ്യുതി പ്രശ്നത്തിന് പരിഹാരമായി പത്രങ്ങളിൽ വരുന്ന വാർത്തകൾ കൗതുകജനകമായ ഒരു നിർദ്ദേശം ഇതാണ്: ഇല: ബോർഡിന് മാസം 84 കോടി രൂപ അധികച്ചിലവ് വരും. ഏതാണ്ട് നൂറു കോടി യൂണിറ്റ് വൈദ്യുതിയാണ് പ്രതിമാസ വിതരണം. അതിൽ നഷ്ടം കഴിഞ്ഞ് 70കോടിക്കാണ് കാശ് കിട്ടുന്നത്. യൂണിറ്റൊന്നിന് ഒരു രൂപ ചാർജ്ജ് കൂട്ടിയാൽ ഏതാണ്ട് നഷ്ടം നികത്താം. ക്ലീൻ ആയൊരു പദ്ധതി! വരുമാനമനുസരിച്ച് ചെലവു ചെയ്യുക എന്ന യാഥാസ്ഥിതിക സമീപനത്തിനു പകരം ചെലവനുസരിച്ച് വരുമാനമുണ്ടാക്കുക എന്ന മുതലാളിത്ത പദ്ധതിയാണിത്. നമ്മളിപ്പോൾ മുതലാളിത്തമാർഗ്ഗത്തിലാണല്ലോ.

ഇല: ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുക എന്നതാണ് മറ്റൊരു പദ്ധതി. ഇതും വളരെ ക്ലീൻ ആണ്. ഈ പദ്ധതി നടപ്പാക്കിയാൽ ഇല: ബോർഡ് ചെയർമാൻ മുതൽ ഹെൽപ്പർ വരെയുള്ളവരെല്ലാം പണിമുടക്കും വൈദ്യുതി വിതരണം സ്തംഭിക്കും. അപ്പോൾ വൈദ്യുതിയുടെ ആവശ്യമേ ഇല്ലാതാകും! ഇടുക്കിയിലെ വൈദ്യുതി വേണമെങ്കിൽ തമിഴ്നാടിനു വിറ്റ് കാശുണ്ടാക്കുകയും ചെയ്യാം.

കഴിഞ്ഞ ആറുമാസക്കാലത്ത് ഉപയോഗിച്ച വൈദ്യുതിയുടെ ശരാശരിയെടുത്ത്, അതിന്റെ പകുതിക്ക് ഇപ്പോഴത്തെ നിരക്കിലും അതിലധികം വരുന്ന വൈദ്യുതിക്ക് ഉയർന്ന നിരക്കിലും ചാർജ്ജ് ചുമത്തുക എന്നതാണ് മൂന്നാമതൊരു പദ്ധതി. ഇതിൽ പ്രായോഗികതയുടെ ഒരംശമുണ്ടെങ്കിലും യാഥാർത്ഥ്യബോധം കുറവാണ്. വൈദ്യുതിയുടെ ഉപയോഗം കുറയെല്ലാം കുറയ്ക്കാൻ കഴിയുമെങ്കിലും അത് പകുതിയാക്കുക എന്നത് അസാമാന്യ നിശ്ചയദാർഢ്യമുള്ളവർക്കു മാത്രം നടപ്പാക്കാൻ കഴിയുന്ന ഒന്നാണ്.

**കേരളത്തിലെ വൈദ്യുതി പ്രശ്നത്തിന്സൂത്രപ്പണികൾ പരിഹാരമാകുമെന്ന് തോന്നുന്നില്ല. ക്ഷമാപൂർവ്വമായ ഒരു കായകല്പ ചികിത്സ കൊണ്ടേ പ്രശ്നം തീരൂ. അലോപ്പതി ചികിത്സയിലെന്നപോലെ പത്ത് ഗുളിക കൊണ്ടോ നാല് ഇഞ്ചക്ഷനുകൾ കൊണ്ടോ പരിഹരിക്കാവുന്നതല്ല ഇത്.**


ഇത്തരം സൂത്രപ്പണികൾ പരിഹാരമാകുമെന്ന് തോന്നുന്നില്ല. ക്ഷമാപൂർവ്വമായ ഒരു കായകല്പ ചികിത്സ കൊണ്ടേ പ്രശ്നം തീരൂ. അലോപ്പതി ചികിത്സയിലെന്നപോലെ പത്ത് ഗുളിക കൊണ്ടോ നാല് ഇഞ്ചക്ഷനുകൾ കൊണ്ടോ പരിഹരിക്കാവുന്നതല്ല ഇത്.

കേരളത്തിൽ ഉല്പാദിപ്പിക്കുകയോ വാങ്ങുകയോ ചെയ്യുന്ന വൈദ്യുതിയുടെ നാല്പത് ശതമാനത്തോളം 'നഷ്ട'പ്പെടുന്നുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഇതിൽ പത്ത് ശതമാനം സ്വാഭാവികമായ, പ്രസരണസംവിധാനത്തിലെ നഷ്ടവും മുപ്പതു ശതമാനം മോഷണവുമാണെന്ന് കണക്കാക്കപ്പെടുന്നു. (ഈ കണക്കുകളൊന്നും വിശ്വസനീയമല്ല. ഓരോ സമയത്ത് ഓരോ കണക്കാണ് പറഞ്ഞു കാണുന്നത്) ഏതായാലും വൈദ്യുതി ചോർച്ച ഭീമമാണെന്നതിൽ സംശയമില്ല. മോഷണം തടഞ്ഞാൽ തന്നെ വൈദ്യുതി ബോർഡിന്റെ വരുമാനം മൂന്നിലൊന്നു വർദ്ധിക്കും.

അനേകം വർഷങ്ങളായി ഗവർമെന്റും ബോർഡും ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണിത്. പക്ഷേ മോഷണം തടയാനുള്ള ഒരു ശ്രമവും ഇതുവരെ ഫലവത്തായിട്ടില്ല (വൈദ്യുതി മോഷണം പിടികൂടിയ ജീവനക്കാരെ ഒരൊറ്റ രാത്രി കൊണ്ട് സ്ഥലം മാറിയതിന്റെ വാർത്ത രണ്ട് മാസം മുമ്പ് പത്രങ്ങളിൽ വന്നിരുന്നു)

മന്ത്രിമാരും എം. എൽ. എ. മാരും ഇടപെടാതെ, ഇല: ജീവനക്കാർക്ക് പൂർണ്ണ സ്വാതന്ത്ര്യം നൽകിയാലും മോഷണം തടയാനാവില്ല. ഉൾനാടൻ പ്രദേശങ്ങളിൽ നടക്കുന്ന മോഷണം എങ്ങനെ കണ്ടുപിടിക്കാനാണ്? അടച്ചുകുറ്റിയിട്ട വാതിലിനു പിന്നിൽ നടക്കുന്ന മോഷണം എങ്ങനെ കണ്ടുപിടിക്കാനാണ്? കയ്യിൽ വല്ലതും തടയുമെങ്കിൽ കണ്ണടക്കാൻ മടിക്കാത്ത വൈദ്യുതി ജീവനക്കാരെ എങ്ങനെ കൈകാര്യം ചെയ്യാനാണ്? അല്പം പ്രായോഗിക ജ്ഞാനമുള്ള ആർക്കും മോഷ്ടിക്കാവുന്ന ഒന്നാണ് വൈദ്യുതി.

ഇപ്പോൾ കെട്ടിടങ്ങളിൽ സ്ഥാപിച്ചുവരുന്ന ഇല: മീറ്ററുകൾ, ഇല: പോസ്റ്റിലേക്ക് മാറ്റി സ്ഥാപിച്ചാൽ വൈദ്യുതി മോഷണം ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കാനാകും. ഇതിനല്പം മൂലധനച്ചെലവു വരുമെങ്കിലും, മോഷണം തടയുന്നതു മൂലമുള്ള ലാഭം കൊണ്ട്, ആ നഷ്ടം ഒരു കൊല്ലം കൊണ്ട് നികത്താൻ കഴിയും. വൈദ്യുതി മോഷണം സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർക്ക് സമ്മാനം നൽകുന്ന ഒരു പദ്ധതി പ്രഖ്യാപിക്കുന്നതും ഗുണം ചെയ്യും. പക്ഷേ മോഷണം തടയണമെന്ന് നിർബന്ധമുള്ള ഭരണാധികാരികൾക്കേ ഇതെല്ലാം നടപ്പിലാക്കാൻ കഴിയൂ.



ഇല: ബോർഡിന്റെ പുന:സംവിധാനമാണ് ചെലവു കുറയ്ക്കാനുള്ള മറ്റൊരു മാർഗ്ഗം. ജീവനക്കാരുടെ ശമ്പളം വെട്ടിക്കുറയ്ക്കുന്നതുപോലെയുള്ള സാഹസങ്ങൾ ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ. എന്നാൽ പുതിയ നിയമങ്ങൾക്ക് സർക്കാർ സർവീസിലെ വേതനനിരക്കുകളുമായി പൊരുത്തപ്പെടുന്ന പുതിയൊരു വേതന സംവിധാനം നടപ്പാക്കാൻ കഴിയും.

വൈദ്യുതി ബോർഡിന്റെ ചെലവു കുറയ്ക്കുന്നതോടൊപ്പം വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുകയും ദുരുപയോഗം തടയുകയും വേണം. വീട്ടാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നത് കുറയെല്ലാം നിയന്ത്രിക്കാൻ കഴിയും. ഗവൺമെന്റ് തന്നെ കുറേക്കാലമായി ഗാർഹിക വൈദ്യുതി ഉപയോഗം കുറയ്ക്കാൻ ആഹ്വാനം ചെയ്തു വരുന്നുണ്ട്. എന്നാൽ ഇത്തരം "ആഹ്വാന"മൊന്നും ഉപഭോഗസംസ്കാരത്തിന്റെ പിടിയിലകപ്പെട്ട ഒരു ജനതയിൽ ഏശുകയില്ല. എന്നാൽ വൈദ്യുതിയുടെ ഉപയോഗം കുറയ്ക്കുന്നത് ലാഭകരവും, കൂട്ടുന്നത് ദുർവ്വഹമായ നഷ്ടവുമാണെന്ന് കണ്ടാൽ പലരും ലാഭത്തിന്റെ മാർഗ്ഗം തെരഞ്ഞെടുക്കും. കഴിഞ്ഞ വർഷത്തെ വൈദ്യുതിയുടെ ഉപയോഗത്തിന്റെ ശരാശരി കാണുകയും അതിനേക്കാൾ എത്ര ശതമാനം കുറച്ച് വൈദ്യുതി ഉപയോഗിക്കുന്നുവോ അത്ര ശതമാനം നിരക്കിൽ കുറവു വരുത്തുമെന്ന് പ്രഖ്യാപിക്കുകയും ശരാശരിയിൽ അധികം ഉപയോഗിക്കുന്നതിനനുസരിച്ച് ചാർജ്ജ് കൂട്ടുമെന്ന് താക്കീത് നൽകുകയും ചെയ്യാം.

ഗാർഹിക വൈദ്യുതി ഉപഭോഗം നിരുത്സാഹപ്പെടുത്തുന്ന അതേ സമയം വാണിജ്യ-വ്യവസായ മേഖലകളിലും അനുവർത്തിക്കാവുന്നതാണ്. കറന്റ് തിന്നുതീർക്കുന്ന ഒരുപാട് വ്യവസായശാലകൾ കേരളത്തിൽ വന്നുകയറിയിട്ടുണ്ട്. കുറഞ്ഞ വിലയ്ക്ക് വൈദ്യുതി കിട്ടുന്ന സാഹചര്യം ചൂഷണം ചെയ്യുക മാത്രമാണിവയുടെ ലക്ഷ്യം. ഇത്തരം വ്യവസായശാലകളൊന്നും തൊഴിൽ പ്രധാനമല്ലെന്ന് ഓർക്കേണ്ടതുണ്ട്. പത്തു പേർക്ക് തൊഴിൽ കിട്ടുമെങ്കിൽ തന്നെ അതിനുള്ള "വിദഗ്ധരെ" പുറമേനിന്ന് ഇറക്കുമതി ചെയ്യുകയാണ് പതിവ്. കേരളത്തിന്റെ വിഭവസമ്പത്ത് അങ്ങനെ കൊള്ളയടിക്കുന്നത് ഇനിയും അനുവദിക്കാനാവില്ല.

പത്രത്തിൽ കണ്ട ശ്രദ്ധേയമായ ചില കണക്കുകൾ കൂടി ഇതാ-

കേരളത്തിന് ഒരു ദിവസം വേണ്ട വൈദ്യുതി- 346 ലക്ഷം യൂണിറ്റ്

കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ജലവൈദ്യുതി- 180 ലക്ഷം യൂണിറ്റ്

കേരളം വാങ്ങുന്ന താപവൈദ്യുതി- 146 ലക്ഷം യൂണിറ്റ്

യൂണിറ്റിന് 21 പൈസ വച്ച് ജലവൈദ്യുതിക്ക് ചെലവ്- 37.80ലക്ഷം രൂപ

യൂണിറ്റിന് 240 പൈസ വച്ച് താപവൈദ്യുതി ചെലവ്- 350.40 ലക്ഷം രൂപ

ഇല: ബോർഡിന്റെ ഒരു മാസത്തെ വരുമാനം- 200 കോടി രൂപ

ഇല: ബോർഡിന്റെ ഒരു മാസത്തെ ചെലവ്- 300 കോടി രൂപ

മഴയുടെ അഭാവം മൂലം ജലവൈദ്യുതോല്പാദനം 180 ലക്ഷം യൂണിറ്റിൽ നിന്ന് 110 ലക്ഷം യൂണിറ്റായി കുറയുകയും തദനുസൃതം താപവൈദ്യുതി വാങ്ങുന്നത് വർദ്ധിക്കുകയും ചെയ്യുമ്പോൾ ചെലവ് സ്വാഭാവികമായും വർദ്ധിക്കുന്നു. വൈദ്യുതി ഉപയോഗം കുറയ്ക്കുക എന്നതുമാത്രമാണ് തൽക്കാലത്തെ പോംവഴി. ബാക്കിയെല്ലാം പിന്നീട്.